# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഏപ്രിൽ 28**

---

## കേരള യംഗ് ടൂറിസം ലീഡേഴ്സ് പരിപാടിക്ക് തുടക്കമായി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന കേരള യംഗ് ടൂറിസം ലീഡേഴ്സ് പരിശീലന പരിപാടിക്ക് തുടക്കമായി.

സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് ഉപകരിക്കുന്ന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കു വഹിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് മൂന്നു ദിവസത്തെ പരിപാടിയുടെ ലക്ഷ്യം.

നിലവിൽ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും ടൂറിസം കേന്ദ്രമെന്ന നിലയിൽ കേരളത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുന്ന ക്ലാസുകൾ, ചർച്ചകൾ, ശിൽപ്പശാലകൾ ഇതിൻറെ ഭാഗമായി നടക്കും.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടന്ന ചടങ്ങിൽ സർവകലാശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡീൻ ഡോ. റോബിനറ്റ് ജേക്കബ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോട്ടയം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി ശ്രീ റോബിൻ സി. കോശി മുഖ്യാതിഥിയായിരുന്നു.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. ടോണി കെ. തോമസ്, ടൂറിസം ഫോർ ലൈഫ് ചീഫ് കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ കുരുവിള എന്നിവർ സംസാരിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള യാത്രകൾ അപകടരഹിതമായി സംഘടിപ്പിക്കുന്നതിനുള്ള മുൻകരുതലുകൾ, സുസ്ഥിര വികസനം, ടൂർ ഓപ്പറേഷൻ, ഡിജിറ്റൽ മീഡിയ, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ നൈപുണ്യം നേടാൻ ഉപകരിക്കും വിധമാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ അധ്യാപകരായ എൻ.എസ്. റിയാസ് മെഹമൂദ്, ജോസഫ് ജോർജ്, സുധിഷ് പിയേഴ്സൺ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

കേരള യംഗ് ടൂറിസം ലീഡേഴ്സ് പരിപാടിയുടെ പുതിയ ബാച്ചുകളിൽ പങ്കെടുക്കുന്നതിനും വിശദ വിവരങ്ങൾ അറിയുന്നതിനും 9995553828, 7510910533 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ കേരള യംഗ് ടൂറിസം ലീഡേഴ്സ് പരിശീലന പരിപാടി സർവകലാശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/455/2023)

## ടൂറിസം മാനേജ്മെൻറ് പി.ജി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ റഗുലർ പഠന വകുപ്പായ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെൻറ് ദ്വിവത്സര പ്രോഗ്രാമ്മിന് അപേക്ഷ ക്ഷണിച്ചു.

ബിരുദ പരീക്ഷ അൻപതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ വിജയിച്ചവർക്കും അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷിക്കാം. www.cat.mgu.ac.in മുഖേന അപേക്ഷ സമർപ്പിക്കാം. അവസാന തിയതി മെയ് രണ്ട്.

(പി.ആർ.ഒ/39/456/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബി.ആർക്ക് (2012 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2011 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 17 ന് ആരംഭിക്കും.

മെയ് എട്ടു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. മെയ് ഒൻപതു വരെ പിഴയോടു കൂടിയും മെയ് 10ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.
..................................

അഫിലിയേറ്റഡ് കോളജുകളിലെ ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽബി കോഴ്സുകളുടെ പരീക്ഷകൾ ജൂൺ രണ്ടിന് ആരംഭിക്കും.

മെയ് 18 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. മെയ് 19ന് പിഴയോടു കൂടിയും മെയ് 20ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.
..................................

അഫിലിയേറ്റഡ് കോളജുകളിലെ ത്രിവത്സര എൽ.എൽബി കോഴ്സുകളുടെ മൂന്ന്, ഏഴ് സെമസ്റ്ററുകളുടെ പരീക്ഷകൾ മെയ് 18ന് ആരംഭിക്കും.

മെയ് രണ്ടു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. മെയ് മൂന്നിന് പിഴയോടു കൂടിയും

മെയ് നാലിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/457/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എൽ.എൽ.ബി കോഴ്സുകളുടെ പരീക്ഷകൾ മെയ് 18ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/458/2023)

## പ്രാക്ടിക്കൽ

2023 ഫെബ്രുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ എം.എസ്.സി ഫൈറ്റോമെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് രണ്ടിന് തിരുവല്ല, മാർ അത്തനേഷ്യസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും.

....................

അഞ്ചാം സെമസ്റ്റർ ബി.വോക് സൗണ്ട് എഞ്ചിനീയറിംഗ്(2020 അഡ്മിഷൻ റഗുലർ - ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് നാലു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/459/2023)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പി.ജി.സി.എസ്.എസ് റീ-അപ്പിയറൻസ് (2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ് -ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം

(പി.ആർ.ഒ/39/460/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**